**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 491** **17-09-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | 16.03.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 38/2018/കാ.യു.വ പ്രകാരം കിഫ്ബി സഹായത്തോടെ കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസി (എസ്.പി.വി) ആയി M/s. കിറ്റ്കോയെ ആണ് ചുമതലപ്പെടുത്തിയിരുന്നത്. 11.02.2020 ലെ ഉത്തരവ് നം. SYA004-05/APR-3/2020/KIIFB Dated 11.02.2020 പ്രകാരം 15.83 കോടി രൂപയുടെ ധനാനുമതിയും കൂടാതെ 20.03.2022 ലെ ഉത്തരവ് നം. SYA004-05/APR-3/2022/KIIFB പ്രകാരം 17.15 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും കിഫ്ബി പദ്ധതിയ്ക്ക് നൽകിയിരുന്നു. സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം വില്ലേജ് റിക്കാർഡുകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ഭൂമിയുടെ തരം മാറ്റം ആവശ്യമായിരുന്നു. ആയതിലേക്കായി അതിർത്തി തിരിക്കുവാൻ സർവ്വേ നടപടികൾ കിറ്റ്കോ പൂർത്തികരിക്കുകയും അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ 26.04.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് നം. 108/2025/S&YA പ്രകാരം എസ്.പി.വി ആയ കിറ്റ്കോയെ ടി സ്ഥാനത്ത് നിന്ന് നീക്കം ചെയ്ത് സ്പോർട്സ് കേരള ഫൗണ്ടേഷനെ സർക്കാർ നിയമിക്കുകയുണ്ടായി. പ്രസ്തുത സ്ഥലത്തിന്റെ തരം മാറ്റൽ നടത്തിയതിനു ശേഷം സ്പോർട്സ് കേരള ഫൗണ്ടേഷൻ പുതുക്കിയ പ്രൊപോസൽ കിഫ്ബിയിൽ സമർപ്പിക്കുന്ന പക്ഷം, അത് പരിശോധിച്ച് സ്വീകാര്യമാകുന്ന മുറക്ക് പുതുക്കിയ ധനാനുമതി, കിഫ്ബിയിൽനിന്നു നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | 16.03.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 38/2018/കാ.യു.വ പ്രകാരം കിഫ്ബി സഹായത്തോടെ കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസി (എസ്.പി.വി) ആയി M/s. കിറ്റ്കോയെ ആണ് ചുമതലപ്പെടുത്തിയിരുന്നത്. 11.02.2020 ലെ ഉത്തരവ് നം. SYA004-05/APR-3/2020/KIIFB Dated 11.02.2020 പ്രകാരം 15.83 കോടി രൂപയുടെ ധനാനുമതിയും കൂടാതെ 20.03.2022 ലെ ഉത്തരവ് നം. SYA004-05/APR-3/2022/KIIFB പ്രകാരം 17.15 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും കിഫ്ബി പദ്ധതിയ്ക്ക് നൽകിയിരുന്നു. സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം വില്ലേജ് റിക്കാർഡുകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ഭൂമിയുടെ തരം മാറ്റം ആവശ്യമായിരുന്നു. ആയതിലേക്കായി അതിർത്തി തിരിക്കുവാൻ സർവ്വേ നടപടികൾ കിറ്റ്കോ പൂർത്തികരിക്കുകയും അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ 26.04.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് നം. 108/2025/S&YA പ്രകാരം എസ്.പി.വി ആയ കിറ്റ്കോയെ ടി സ്ഥാനത്ത് നിന്ന് നീക്കം ചെയ്ത് സ്പോർട്സ് കേരള ഫൗണ്ടേഷനെ സർക്കാർ നിയമിക്കുകയുണ്ടായി. പ്രസ്തുത സ്ഥലത്തിന്റെ തരം മാറ്റൽ നടത്തിയതിനു ശേഷം സ്പോർട്സ് കേരള ഫൗണ്ടേഷൻ പുതുക്കിയ പ്രൊപോസൽ കിഫ്ബിയിൽ സമർപ്പിക്കുന്ന പക്ഷം, അത് പരിശോധിച്ച് സ്വീകാര്യമാകുന്ന മുറക്ക് പുതുക്കിയ ധനാനുമതി, കിഫ്ബിയിൽനിന്നു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ